# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2242** | **18-03-2015-ലെ മറുപടിയ്ക്ക്**

## ലോട്ടറി നടത്തിപ്പിൽ കൈവരിക്കാനായ നേട്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. കെ. മുഹമ്മദുണ്ണിഹാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോട്ടറി നടത്തിപ്പിൽ വരുത്തിയ ഘടനാപരമായ മാറ്റങ്ങൾ സംബന്ധിച്ചും, മുൻ സർക്കാരിന്റെ കാലത്തേക്കാൾ കൈവരിക്കാനായ നേട്ടങ്ങളെക്കുറിച്ചും വിശദമാക്കുമോ ; | എ) | ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2010 വർഷത്തിൽ പ്രതിവാര ഭാഗ്യക്കുറികൾ ആഴ്ചയിൽ ഒന്നായി ചുരുക്കിയതിനെ തുടർന്ന് വിൻ വിൻ ഭാഗ്യക്കുറി 63 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച് ഏഴ് പരമ്പരകളിലായി വിൽപ്പന നടത്തിയിരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 2011 ഓഗസ്റ്റ് മാസത്തിൽ എല്ലാ ദിവസവും ഭാഗ്യക്കുറികൾ പുന:രാരംഭിച്ചപ്പോൾ വിൻവിൻ ഭാഗ്യക്കുറിയുടെ സമ്മാനഘടന അഞ്ച് പരമ്പരകളിലായി 25 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധം പരിഷ്ക്കരിച്ചു. പുതുതായി ആരംഭിച്ചതിൽ 20/- രൂപ മുഖവിലയുള്ള പൗർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികൾ പരമാവധി 25 ലക്ഷം ടിക്കറ്റുകളും 40/- രൂപ മുഖവിലയുള്ള ധനശ്രീ, പ്രതീക്ഷ എന്നീ ഭാഗ്യക്കുറികളും, 50/- രൂപ മുഖവിലയുള്ള കാരുണ്യ ഭാഗ്യക്കുറിയും പരമാവധി 20 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധം സമ്മാനഘടന ആവിഷ്ക്കരിച്ചു. പുതുതായി ആരംഭിച്ചതിൽ ശനിയാഴ്ച തോറും നറുക്കെടുത്തിരുന്ന കാരുണ്യ ലോട്ടറിയിൽ നിന്നുള്ള അറ്റാദായം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിച്ചു.<br><br>ഭാഗ്യക്കുറി ടിക്കറ്റുകളുടെ ഡിമാന്റ് വർദ്ധനവും ഏജന്റുമാരുടേയും, ട്രേഡ് യൂണിയനുകളുടെയും അഭിപ്രായങ്ങളും കണക്കിലെടുത്ത് ക്രമേണ ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുകയും സമ്മാനഘടനകൾ പരിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി ഒരു ലോട്ടറിയിൽ നിന്നുള്ള വരുമാനം മതിയാകാതെ വന്നതിനെത്തുടർന്ന് പ്രതിവാര |

| | | | |
|---|---|---|---|
| | | | ഭാഗ്യക്കുറിയായ പ്രതീക്ഷ ഭാഗ്യക്കുറിയുടെ മുഖവില 50/- രൂപയാക്കി ഉയർത്തി പേര് കാരുണ്യ പ്ലസ് എന്ന് മാറ്റി അതിൽ നിന്നുള്ള അറ്റാദായം കൂടി കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിവരുന്നു. 2014 മാർച്ച് മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുത്തി 20/- രൂപ ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 30/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ (പൗർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി) 56 ലക്ഷം ടിക്കറ്റുകളും 40/- രൂപ മുഖവിലയുള്ള ധനശ്രീ ഭാഗ്യക്കുറിയുടെ 30 ലക്ഷം ടിക്കറ്റുകളുമാണ് നിലവിൽ അച്ചടിച്ച് വിതരണം ചെയ്യുന്നത്. 2015 മാർച്ച് രണ്ടാം വാരം നറുക്കെടുക്കുന്ന കെ.എൻ.-48-ാമത് നറുക്കെടുപ്പ് മുതൽ കാരുണ്യ പ്ലസ് ഭാഗ്യക്കുറിയുടെ ടിക്കറ്റ് അച്ചടി 35 ലക്ഷമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന് പുറമെ ഏപ്രിൽ മാസത്തെ നറുക്കെടുപ്പുകൾ മുതൽ കാരുണ്യ ഭാഗ്യക്കുറിയുടെ ടിക്കറ്റച്ചടി 30 ലക്ഷത്തിൽ നിന്നും 35 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്. നിലവിൽ 30/- രൂപ മുഖവിലയുള്ള പ്രതിവാര ഭാഗ്യക്കുറികളിൽ 26%, 27%, 28% നിരക്കിലും, 40/- രൂപ, 50/- രൂപ മുഖവിലയുള്ള പ്രതിവാര ഭാഗ്യക്കുറികളിൽ 28%, 30% നിരക്കിലും, വിൽപന ഡിസ്കൗണ്ട് നൽകി വരുന്നുണ്ട്. നറുക്കെടുപ്പ് യന്ത്രവൽക്കരിക്കുകയും, നറുക്കെടുപ്പ് തൽസമയ സംപ്രേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.<br><br>2010-11 സാമ്പത്തിക വർഷത്തിൽ റവന്യൂ വരുമാനം 557.69 കോടി രൂപയായിരുന്നത് 2011-12 വർഷത്തിൽ 1287.08 കോടി രൂപയായും, 2012-13-ൽ 2778.80 കോടി രൂപയായും, 2013-14-ൽ 3793.72 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. 2014-15 ഫെബ്രുവരി വരെയുള്ള റവന്യൂ വരുമാനം 4964.25 കോടി രൂപയാണ്. |
| ബി) | ലോട്ടറി സമ്മാനത്തിന്റെ ഒരു ഭാഗം നിക്ഷേപമാക്കി മാറ്റുന്നതിനു ലക്ഷ്യമിട്ട സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനം വിശദമാക്കുമോ ; | ബി) | ഭാഗ്യക്കുറി സമ്മാനത്തിന്റെ ഒരു ഭാഗം സമ്പാദ്യമാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഏജന്റുമാരിൽ നിന്നും, വിൽപനക്കാരിൽ നിന്നും ഈ പദ്ധതി സംബന്ധിച്ച് പരാതികളും, വിമർശനങ്ങളും ഉയർന്ന സാഹചര്യത്തിൽ, പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

**സി)** ഈ സർക്കാരിന്റെ കാലത്ത് 2014 ഡിസംബർ വരെ ലോട്ടറിയിൽ നിന്നുള്ള ലാഭം എത്രയാണെന്നും, അതിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങളും വെളിപ്പെടുത്തുമോ ?

**സി)** ഈ സർക്കാർ അധികാരമേറ്റ ശേഷം 2014 മാർച്ച് മാസം വരെ ലോട്ടറിയിൽ നിന്നും ലഭിച്ച ലാഭം ചുവടെ ചേർക്കുന്നു.

| വർഷം | ലാഭം (തുക കോടിയിൽ) |
|---|---|
| 2011-12 | 394.87 |
| 2012-13 | 681.76 |
| 2013-14 | 788.42 |
| 2014-15 | 2014-15 സാമ്പത്തിക വർഷത്തെ ലാഭം സാമ്പത്തിക വർഷാവസാനം (31-03-2015) മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. |

നിർധനരായ രോഗികളെ സഹായിക്കുന്നതിന് ആരംഭിച്ച കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് പ്രതിവാര ഭാഗ്യക്കുറികളായ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറിടെ ലാഭം മുതൽക്കൂട്ടുന്നു. 2011 മുതൽ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ശീർഷകത്തിലേയ്ക്ക് ബഡ്ജറ്റ് പ്രൊവിഷനായി 475 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക പൂർണ്ണമായും കാരുണ്യ ബെനവലന്റ് ഫണ്ടിന് നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**